## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 4699** **29.06.2012- ൽ മറുപടി നൽകേണ്ടിയിരുന്നത്**

## പൊതുസ്ഥലംമാറ്റ ഉത്തരവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. രാജു | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കൃഷിവകുപ്പിൽ കൃഷി അസിസ്റ്റന്റ്-മാരുടെയും കൃഷി ഓഫീസർമാരുടെയും 2012 വർഷത്തെ പൊതുസ്ഥലംമാറ്റ ഉത്തരവ് എന്നാണ് ഇറങ്ങിയത്; ആയതിന്റെ ഉത്തരവ് നമ്പരുകൾ ലഭ്യമാക്കാമോ; | (എ) കൃഷി അസിസ്റ്റന്റുമാരുടെ പൊതു സ്ഥലംമാറ്റ ഉത്തരവ് 30.05.2012-നാണ് പുറപ്പെടുവിച്ചത്. 30.05.2012-ലെ കൃഷി ഡയറക്ടറുടെ എസ്.ഇ (3) 3846/2012 നമ്പർ ഉത്തരവ് പ്രകാരം.<br>കൃഷി ഓഫീസർമാരുടെ പൊതു സ്ഥലംമാറ്റ ഉത്തരവ് 21.05.2012-നാണ് പുറപ്പെടുവിച്ചത്. 21.05.2012-ലെ കൃഷി ഡയറക്ടറുടെ എസ്.ഡി (3) 998/2012 നമ്പർ ഉത്തരവ് പ്രകാരം. |
| (ബി) പ്രസ്തുത ഉത്തരവ് പൊതുസ്ഥലംമാറ്റ ഉത്തരവാണോ പൊതുജന താൽപ്പര്യാർത്ഥമുള്ളതാണോ, ഭരണപരമായ സൗകര്യത്തിനു വേണ്ടിയുള്ളതാണോ ഇവയിൽ ഏതൊക്കെ വിഭാഗത്തിൽപെട്ടിട്ടുള്ളതാണെന്ന് വ്യക്തമാക്കാമോ; | (ബി) പൊതു സ്ഥലംമാറ്റം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരവും ജീവനക്കാരുടെ അപേക്ഷകൾ പരിഗണിച്ചും ഭരണപരമായ സൗകര്യത്തിനും പൊതുജന താൽപ്പര്യാർത്ഥത്തിനും വേണ്ടിയുള്ളതാണ് പ്രസ്തുത ഉത്തരവുകൾ. |

(സി) ഒരു ജില്ലയിൽ എത്ര വർഷം സേവനം പൂർത്തീകരിച്ച ജീവനക്കാരാണ് പൊതു സ്ഥലം മാറ്റത്തിന് അർഹരായവർ എന്ന് വ്യക്തമാക്കുമോ; ഈ മാനദണ്ഡത്തിന് വിരുദ്ധമായി ആർക്കെങ്കിലും സ്ഥലം മാറ്റം ലഭിച്ചിട്ടുണ്ടോ എന്ന് ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ടോ;

(സി) ഒരു ജില്ലയിൽ മൂന്ന് വർഷത്തെ സേവനം പൂർത്തീകരിച്ച ജീവന-ക്കാരാണ് പൊതു സ്ഥലം മാറ്റത്തിന് അർഹരായവർ, ഭരണപരമായ സൗകര്യത്തിനു വേണ്ടി സ്ഥലം മാറ്റുമ്പോൾ പ്രസ്തുത കാല പരിധി ബാധകമല്ല.

(ഡി) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഒരു ജില്ലയിൽ അനുഷ്ഠിച്ച സേവനം ആ ജില്ലയിലെ സ്ഥലം മാറ്റത്തിനുള്ള സീനിയോറിറ്റി ആയി പരിഗണിക്കുമോ; എങ്കിൽ ആയതിന് ആധാരമായ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത ലിസ്റ്റ് പ്രകാരം മെഡിക്കൽ ഗ്രൗണ്ടിൽ സ്ഥലം മാറ്റം ലഭിച്ച ജീവനക്കാരുടെ ലിസ്റ്റ് ലഭ്യമാക്കുമോ?

(ഡി) പരിഗണിക്കുകയില്ല.

സെക്ഷൻ ഓഫീസർ